LIBRARY ARCHIVES Kerala Legislative Assembly

ലക്കിടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

66 (451) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ലക്കിടി കേന്ദ്രീകരിച്ച് ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ലക്കിടി ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഇലക്ട്രിക് സെക്ഷനുകൾ രൂപീകരിച്ചു വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഒറ്റപ്പാലം, പത്തിരിപ്പാല എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ലക്കിടി കൂട്ടുപാതയിൽ പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണനയിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സെക്ഷൻ ഓഫീസുകൾ ഒന്നും രൂപീകരിച്ചിട്ടില്ല

വൈദ്യുതി ഉത്പാദനത്തിനും വിതരണത്തിനും ഇടയിലുണ്ടാകുന്ന നഷ്ടം

67 (452) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉത്പാദനത്തിനും വിതരണത്തിനും ഇടയിലുണ്ടാകുന്ന നഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് പറയാമോ;

(ബി) പ്രസ്തുത നടപടികളിലൂടെ മുൻകാലങ്ങളെ അപേക്ഷിച്ച് എത്രമാത്രം വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞു എന്നു പറയാമോ;

(സി) വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ വിദ്യുച്ഛക്തി വകുപ്പ് നടത്തുന്നുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളെയും ലൈനുകളെയും ഉയർന്ന പ്രസരണ വോൾട്ടേജിലേക്ക് ഉയർത്തുവാനും പ്രസരണ ഇടനാഴികൾ ഇരട്ടിപ്പിക്കുവാനും നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉയർന്ന വാഹകശേഷിയുള്ള പുതുനിര ചാലകങ്ങൾ ഉപയോഗിച്ച് പ്രസരണ ശൃംഖല ബലപ്പെടുത്തുവാനും കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുത കമ്പികൾ മാറ്റി മെച്ചപ്പെട്ട കമ്പികൾ ഉപയോഗിക്കുക, സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുത കമ്പികൾ മാറ്റി, ABC (Aerial Bunched Cable,

ഭൂഗർഭ കേബിളുകൾ ഉപയോഗിക്കുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക എന്നീ പണികൾ പൂർത്തീകരിച്ച് വിതരണ നഷ്ടം കുറയ്ക്കുവാനുള്ള നടപടികൾ ചെയ്യുന്നുണ്ട്.

(ബി) 2012-13 കണക്കുപ്രകാരം പ്രസരണ വിതരണ നഷ്ടം 15.3 ശതമാനമായിരുന്നു. 2013-14-ൽ 14.96 ശതമാനവും, 2014-15-ൽ 14.57 ശതമാനവുമായിരുന്നു. 2001-02 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതുവഴി ഉണ്ടായ വൈദ്യുതി ലാഭം താഴെ ചേർത്തിരിക്കുന്നു:

സാമ്പത്തിക വർഷം	2001-02-നെ അപേക്ഷിച്ച് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതുവഴി ലാഭിച്ച വൈദ്യുതി (ദശലക്ഷം യൂണിറ്റിൽ)
(1)	(2)
2002-03	303.58
2003-04	588.85
2004-05	1049.24
2005-06	1501.7
2006-07	1935.94
2007-08	2336.94
2008-09	2635.18

(1)	(2)
2009-10	3199.9
2010-11	3673.33
2011-12	4134.41
2012-13	4438.8
2013-14	4683.52
2014-15	5043.32

(സി) വൈദ്യുതി ബോർഡ് പ്രസരണ നഷ്ടത്തെക്കുറിച്ച് കാലാകാലങ്ങളിൽ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ചിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

പേരാമ്പ്ര സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

68 (453) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുവരെ സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇനി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്നും ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 110 കെ.വി. മേപ്പയൂർ സബ്സ്റ്റേഷനിൽനിന്നും 33 കെ.വി. പേരാമ്പ്ര സബ്സ്റ്റേഷനിലേയ്ക്ക് 33 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ കൺട്രോൾ റൂമിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) 309.881 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കൺട്രോൾ റൂം ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തിയാക്കുകയും, സബ്സ്റ്റേഷൻ ഉപകരണങ്ങളും, ട്രാൻസ്ഫോർമറും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2016 മേയ് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

69 (454) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ നടപ്പിലാക്കുന്ന ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയിൽ എന്തൊക്കെ ജോലികളാണ് ഉൾപ്പെടുത്തിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly